ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.04.2025**

## പ്രധാനവാർത്തകൾ

1. ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തമാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാളെ സർവകക്ഷി യോഗം.
2. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ഇന്ന് സംസ്ഥാനത്ത് ; എറണാകുളം മുനമ്പത്തെ സമര പന്തൽ കേന്ദ്രമന്ത്രി സന്ദർശിക്കും.
3. അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ രണ്ടു മരണം; അന്വേഷണ റിപ്പോർട്ട് നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് വനം മന്ത്രിയുടെ നിർദേശം; വന്യജീവി ആക്രമണങ്ങളിൽ സർക്കാരിന് നിസ്സംഗതയെന്ന് പ്രതിപക്ഷം.
4. കേരളത്തിൻറെ സ്വന്തം വിമാന സർവീസ് 'എയർ കേരള' യുടെ കോർപറേറ്റ് ഓഫീസ് മന്ത്രി P. രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും.
5. നേര്യമംഗലത്ത് KSRTC ബസ് താഴ്ചയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ ഒരു മരണം. നിരവധിപേർക്ക് പരിക്ക്.
6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

RNU TVPM

&&&&&&&&&&&&&&&&&&

**സർവ്വകക്ഷിയോഗം**

സംസ്ഥാനത്തിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ നാളെ യോഗം ചേരും. രാവിലെ മതമേലധ്യക്ഷൻമാരുടെ യോഗവും വൈകിട്ട് സർവകക്ഷിയോഗവും നടക്കും. രണ്ട് യോഗങ്ങളും ഓൺലൈനായാണ് ചേരുക.

RNU TVPM

&&&&&&&&&&&&&&&&&&

**കിരൺ റിജിജു**

കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ഇന്ന് എറണാകുളം മുനമ്പത്തെ സമര പന്തലിലെത്തും. വഖഫ് നിയമ ഭേദഗതി പാസായതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിക്കും കേന്ദ്ര സർക്കാരിനും നന്ദി അറിയിക്കാൻ NDA യുടെ നേതൃത്വത്തിൽ സമരസമിതി സംഘടിപ്പിക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പുമായി കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&&&

**എയർ കേരള**

കേരളത്തിൻറെ സ്വന്തം വിമാന സർവീസ് 'എയർ കേരള' യുടെ ആലുവയിലെ കോർപറേറ്റ് ഓഫീസ് വൈകിട്ട് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്യും . ആലുവ മെട്രോ സ്റ്റേഷനു സമീപത്ത് 200-ലേറെ പേർക്ക് ജോലി ചെയ്യാൻ കഴിയും വിധത്തിലാണ് ഓഫീസിൻറെ ക്രമീകരണം. എംപിമാരായ ഹൈബി ഈഡൻ, ബെന്നി ബെഹനാൻ, മുൻ കേന്ദ്രസഹമന്ത്രി വി മുരളീധരൻ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

**Editor:KARTHIKA.V, Source: FB POST, CNRT:ASWATHY.G.S, Reader: SEENA ANTONY, DEO:SANDHYA RANI G S**

RNU TVPM

**കാട്ടാന ആക്രമണം**

തൃശൂർ അതിരപ്പിള്ളിയിൽ കാട്ടാന ആക്രമണത്തിൽ രണ്ടു പേർ മരിച്ചു. വാഴച്ചാൽ സ്വദേശികളായ അംബിക, സതീഷ് എന്നിവരാണ് മരിച്ചത്. അതിരപ്പള്ളി വെള്ളച്ചാട്ടത്തിന് സമീപം വനവിഭവം ശേഖരിക്കാൻ എത്തിയ നാലുപേരുടെ സംഘത്തിലുണ്ടായിരുന്നവരാണ് മരിച്ചത്. ഇന്നലെ മലക്കപ്പാറയിലും കാട്ടാന ആക്രമണത്തിൽ ആദിവാസി യുവാവ് കൊല്ലപ്പെട്ടു.

**&&&&&&&&&&&&&&&&&&**

**എ.കെ ശശീന്ദ്രൻ**

തൃശ്ശൂർ അതിരപ്പിള്ളിയിലെയും സമീപത്തെയും വനമേഖലയിൽ ഉണ്ടായ മരണങ്ങൾ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് വനം മന്ത്രി എ.കെ ശശീന്ദ്രൻ നിർദേശം നൽകി. മരണകാരണം സ്ഥിരീകരിക്കേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&

**പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ**

സംസ്ഥാനത്തെ വനമേഖലയിൽ ആനകൾ കൂടുതലായി ഇറങ്ങുന്ന പ്രദേശങ്ങളിൽ പ്രത്യേക സംഘത്തിൻ്റെ നിരീക്ഷണം ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. വനാവകാശ നിയമ പ്രകാരം കാട്ടിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് സുരക്ഷ ഒരുക്കേണ്ടത് സർക്കാരാണെന്ന് അദ്ദേഹം പറഞ്ഞു. തുടർച്ചയായി വന്യജീവി ആക്രമണം ഉണ്ടാകുന്ന അസാധാരണ സാഹചര്യത്തിൽ സർക്കാർ നിസ്സംഗത പാലിക്കുകയാണെന്നും പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

&&&&&&&&&&&&&&&&&&

**ഇടുക്കി( ഇൻട്രോ )**

RIU TVPM

ഉൽപ്പാദനവും വിതരണവും ഇരട്ടിയാക്കിയതോടെ വൻ വരുമാന നേട്ടവുമായി സംസ്ഥാന സർക്കാരിന്റെ കുപ്പിവെള്ള കമ്പനിയായ ഹില്ലി അക്വ. കഴിഞ്ഞ സാമ്പത്തികവർഷം 8.75 കോടി ആയിരുന്ന വിറ്റു വരവ് ഇത്തവണ 30 ശതമാനത്തോളം ഉയർന്ന് 11.4 കോടി രൂപയിലെത്തി. കോഴിക്കോടും ആലുവയിലും ഹില്ലി അക്വ പ്ലാന്റുകൾ ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് അധികൃതർ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

**(വോയിസ്)**

&&&&&&&&&&&&&&&&&&

RNU TVPM

തിരുവനന്തപുരം മുതലപ്പൊഴി പൊഴിമുഖത്തെ മണൽ നീക്കം ചെയ്യാത്തതിൽ പ്രതിഷേധം ശക്തം. CITU, INTUC പ്രവർത്തകർ ഹാർബർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് ഉപരോധിച്ചു. അതേ സമയം മുതലപ്പൊഴിയിലെ പ്രശ്നം പരിഹരിക്കാൻ സർക്കാർ മത്സ്യതൊഴിലാളികളുമായി ഉടൻ തന്നെ ചർച്ച നടത്തുമെന്നാണ് റിപ്പോർട്ട്. പൊഴിമുഖം അടഞ്ഞതോടെ മത്സ്യബന്ധനം മറ്റ് ഹാർബറുകളിലേക്ക് മാറ്റുന്ന വിഷയവും സർക്കാർ പരിഗണനയിലുണ്ട്.

&&&&&&&&&&&&&&&&&&

## ബ്ലൂ ഫ്ലാഗ്

കണ്ണൂർ ജില്ലയിലെ അഴീക്കോട് ചാൽ ബീച്ചിന് സുസ്ഥിര ബീച്ച് ടൂറിസം പദ്ധതികൾക്കുള്ള അന്താരാഷ്ട്ര സർട്ടിഫിക്കേഷനായ ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കറ്റ് ലഭിച്ചു. ശുചിത്വം, സുരക്ഷ, പരിസ്ഥിതി ഉത്തരവാദിത്തം എന്നിവയിൽ മുന്നിട്ട് നിൽക്കുന്ന ബീച്ചുകൾക്കാണ് ബ്ലൂ ഫ്ലാഗ് നൽകുന്നത്. ഇതിനായി ടൂറിസം വകുപ്പിനോടൊപ്പം പ്രയത്നിച്ച ജനപ്രതിനിധികൾ, ജില്ലാ ഭരണ കൂടം, ശുചീകരണ തൊഴിലാളികൾ, നാട്ടുകാർ തുടങ്ങിയവർ അഭിനന്ദനം അർഹിക്കുന്നതായി മന്ത്രി പി.എ മുഹമ്മദ് റിയാസ് സമൂഹമാധ്യമത്തിൽ കുറിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## നേര്യമംഗലം -അപകടം

ഇടുക്കി എറണാകുളം ജില്ലകളുടെ അതിർത്തിയായ നേര്യമംഗലം മണിയമ്പാറയിൽ കെ.എസ്.ആർ.ടി.സി ബസ് കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ 14 വയസുകാരി മരിച്ചു. മറിഞ്ഞ ബസിനടിയിൽപ്പെട്ട അനീറ്റയാണ് മരിച്ചത്. 15 ഓളം യാത്രക്കാർക്ക് പരിക്കേറ്റു. കട്ടപ്പനയിൽ നിന്നും എറണാകുളത്തേക്ക് പോയ ബസാണ് അപകടത്തിൽപ്പെട്ടത്.

&&&&&&&&&&&&&&&&&&

**കെ കെ രാഗേഷ്**

സി.പി.ഐ.എം കണ്ണൂർ ജില്ലാ സെക്രട്ടറിയായി കെ കെ രാഗേഷിനെ തിരഞ്ഞെടുത്തു. എം. വി. ജയരാജൻ പാർട്ടി സംസ്ഥാന കമ്മറ്റിയംഗമായതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ കണ്ണൂരിൽ ഇന്ന് ചേർന്ന യോഗമാണ് സെക്രട്ടറിയെ തിരഞ്ഞെടുത്തത്. നിലവിൽ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയാണ് കെ കെ രാഗേഷ്. കോട്ടയം ജില്ലാ സെക്രട്ടറിയെയും ഉടൻ പ്രഖ്യാപിക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ കണ്ണൂരിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

**പ്രത്യേക ട്രെയിൻ**

ഉത്സവക്കാലത്തെ തിരക്ക് കണക്കിലെടുത്ത് എറണാകുളത്ത് നിന്ന് ഹസ്രത്ത് നിസാമുദ്ദീനിലേക്ക് പ്രത്യേക ട്രെയിൻ സർവീസ് ഏർപ്പെടുത്തി. ട്രെയിൻ നമ്പർ 06061 എറണാകുളം - ഹസ്രത്ത് നിസാമുദ്ദീൻ സൂപ്പർ-ഫാസ്റ്റ് സ്പെഷ്യൽ ട്രെയിൻ ബുധനാഴ്ച വൈകുന്നേരം 6:05 ന് എറണാകുളം ജംഗ്ഷനിൽ നിന്ന് പുറപ്പെടും. വെള്ളിയാഴ്ച രാത്രി 8:35 ന് ട്രെയിൻ ഹസ്രത്ത് നിസാമുദ്ദീനിൽ എത്തിച്ചേരും.

&&&&&&&&&&&&&&&&&&

**കൊല്ലം പൂരം -ഇൻട്രോ**

RNU TVPM

കൊല്ലം പൂരവും കുടമാറ്റവും ഇന്ന് സന്ധ്യയ്ക്ക് ആശ്രാമം മൈതാനത്ത് നടക്കും. താമരക്കുളം ശ്രീ മഹാഗണപതിയും, പുതിയകാവ് ഭഗവതിയും മുഖാമുഖം അണിനിരക്കുന്ന പൂരവും കുടമാറ്റവും ആസ്വദിക്കാൻ ആയിരങ്ങളെത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ...............**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**ഐ പി എൽ**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. ചണ്ഡിഗാഡ്ഗിൽ രാത്രി 7 .30 നാണു മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ലക്നൗ സൂപ്പർ ജയൻറ്സിനെതിരെ ചെന്നൈ സൂപ്പർ കിംഗ്സ് അഞ്ചുവിക്കറ്റിന് ജയിച്ചു.

&&&&&&&&&&&&&&&&&&

**കാലാവസ്ഥ**

സംസ്ഥാനത്ത് ഉയർന്ന ചൂട് തുടരും. താപനില ഉയരുന്ന പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം

RNU TVPM

പുറത്തിറക്കി. പകൽ 11 മണി മുതൽ വൈകിട്ട് 3 മണി വരെയുള്ള സമയത്ത് കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം. പരമാവധി ശുദ്ധജലം കുടിക്കുക. അതേസമയം സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ വേനൽമഴ തുടരാനും സാധ്യത.

&&&&&&&&&&&&&&&&&&

**ഓഹരി +സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,649 പോയിന്റ് നേട്ടത്തിൽ 76,816 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 506 പോയിന്റ് ഉയർന്ന് 23,339 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. ഗ്രാമിന് 35 രൂപ കുറഞ്ഞ് 8,720 രൂപയും പവന് 69,760 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

&&&&&&&&&&&&&&&&&&

**K.A.ദേവരാജൻ**

സുപ്രീം കോടതിയിലെ മുതിർന്ന അഭിഭാഷകനും ചലച്ചി ത്ര നിർമ്മാതാവും മാധ്യമപ്രവർത്തകനുമായ K.A.ദേവരാജൻ കോഴിക്കോട്ട് അന്തരിച്ചു. 73 വയസ്സായിരുന്നു . സംസ്കാരം ഇന്ന് വൈകിട്ട് 3 .30 നു കോഴിക്കോട് വെസ്റ്റ് ഹിൽ ശ്മശാനത്തു നടക്കും. പാവ, താഴ്‌വര, പൂമഴ തുടങ്ങിയ ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ഹജ്ജ്**

സംസ്ഥാന ഹജ്ജ് കമ്മിറ്റി വഴി അപേക്ഷിച്ച് , നറുക്കെടുപ്പിലൂടെ വെയ്റ്റിംഗ് ലിസ്റ്റിൽ നിന്ന് പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ , ഇന്നുതന്നെ മുഴുവൻ തുകയും അടച്ച് നാളേയ്ക്കകം രേഖകൾ സമർപ്പിക്കണമെന്ന് നിർദേശം. അതിനിടെ ഈ വർഷത്തെ ഹജ്ജ് കോട്ട ഒരു ലക്ഷത്തി 75,000 മായി വർദ്ധിപ്പിച്ചതായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

PNU TVPM

**തിരുവാഭരണം മോഷണം**

ആലപ്പുഴ എഴുപുന്നയിൽ എഴുപുന്ന ശ്രീ നാരായണ പുരം മഹാവിഷ്ണു ക്ഷേത്രത്തിലെ തിരുവാഭരണം മോഷണം പോയി. വിഷുദിനത്തിൽ വിഗ്രഹത്തിൽ ചാർത്തിയ തിരുവാഭരണങ്ങളാണ് മോഷണം പോയത്. 20 പവനാണ് കാണാതായത്. സംഭവത്തിൽ അരൂർ പൊലീസ് അന്വേഷണം ആരംഭിച്ചു.

&&&&&&&&&&&&&&&&&&

**മത്സ്യബന്ധന നിരോധനം**

തമിഴ്നാട് തീരത്ത് 61 ദിവസത്തെ വാർഷിക മത്സ്യബന്ധന നിരോധനം ഇന്ന് പുലർച്ചെ മുതൽ ആരംഭിച്ചു. ജൂൺ 14

വരെ നിരോധനം തുടരും. ഈ കാലയളവിൽ, യന്ത്രവൽകൃത ബോട്ടുകളും ട്രോളറുകളും കടലിൽ പോകരുതെന്ന നിർദേശം ഉണ്ട്. എന്നാൽ പരമ്പരാഗത നാടൻ ബോട്ടുകൾക്ക് സർവീസ് നടത്താൻ അനുവാദമുണ്ട്. നിരോധന സമയത്തെ അനധികൃത മത്സ്യബന്ധനം തടയണമെന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNUJTVPM